നിലയങ്ങളിൽ കൂടുതൽ കാലം പ്രവർത്തിച്ചിട്ടുള്ള ജീവനക്കാരുടെ അനുഭവോഭിപ്രായം കണക്കിലെടുക്കുകയും അവരുടെ നിർദ്ദേശങ്ങൾ പദ്ധതികളുടെ ഡി.പി.ആർ. ഉണ്ടാക്കൽ, ഡിസൈൻ, നിർമ്മാണം തുടങ്ങിയ ഘട്ടങ്ങളിൽ പരിഗണിക്കുകയും വേണ്ട പരിഷ്കാരങ്ങൾ ഉൾക്കൊള്ളിക്കുകയും ചെയ്യുന്നു.

പൊതുമേഖലാ സ്ഥാപനങ്ങളിലെ പ്രധാന തസ്തികകളിലെ നിയമനം

7(*186) ശ്രീ. എം. ചന്ദ്രൻ :
ശ്രീ. വി. ശിവൻകുട്ടി :
ശ്രീ. എസ്. ശർമ്മ :
ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വ്യവസായ വകുപ്പിനു കീഴിലുള്ള പൊതുമേഖലാസ്ഥാപനങ്ങളുടെ തലപ്പത്ത് പ്രൊഫഷണലുകളെയും കാര്യപ്രാപ്തിയുള്ളവരെയുമാണ് നിയമിക്കുന്നതെന്ന് ഉറപ്പ് വരുത്താറുണ്ടോ ;

(ബി) നിയമനം നടത്തുന്നതിന് ഇപ്പോൾ സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(സി) വിജിലൻസ് അന്വേഷണം നേരിടുന്നവരും വിജിലൻസിൽനിന്നും പ്രതികൂലമായി അഭിപ്രായം ഉണ്ടായവരും പ്രധാന തസ്തികകളിൽ നിയമനം നേടുന്നതായ വാർത്തകളിൽ നിലപാട് വ്യക്തമാക്കുമോ ;

(ഡി) പ്രധാന തസ്തികകളിൽ നിയമിതരാവുന്നവർ കളങ്കിതരും കുറ്റാരോപിതരും അല്ലെന്ന് ഉറപ്പ് വരുത്താറുണ്ടോ ; നിയമവിരുദ്ധമായി നിയമിക്കപ്പെട്ടവരുണ്ടെങ്കിൽ അത്തരക്കാരെ മാറ്റിനിർത്താൻ നടപടി സ്വീകരിക്കുമോ ?

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) :

(എ) ഉണ്ട്. സംസ്ഥാനത്തെ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ മാനേജിംഗ് ഡയറക്ടർമാരെ സർക്കാർ നേരിട്ടും റിയാബ് മുഖേനയും സുതാര്യമായ തെരഞ്ഞെടുപ്പ് നടപടിക്രമത്തിലൂടെയാണ് നിയമിച്ചുവരുന്നത്.

(ബി) എഞ്ചിനീയറിംഗ് ബിരുദവും മാനേജ്മെന്റിൽ ബിരുദാനന്തര ബിരുദവും ഉയർന്ന തലത്തിലുള്ള പ്രവൃത്തിപരിചയവുമാണ് മാനദണ്ഡമായി നിഷ്കർഷിച്ചിരിക്കുന്നത്. 11-5-2015-ലെ ജി.ഒ. (എം/എസ്.) നമ്പർ 19/2015/പ്ലാനിംഗ് ഉത്തരവ് പ്രകാരം മാനേജിംഗ് ഡയറക്ടർമാരുടെ ഉയർന്ന പ്രായപരിധി 65 വയസ്സാക്കി നിജപ്പെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി&ഡി) പൊതുമേഖലാ സ്ഥാപനങ്ങളുടെ തലപ്പത്ത് നിയമിക്കപ്പെടുന്നവരുടെ നിയമനം ക്രമപ്പെടുത്തുന്നതിന് മുമ്പായി വിജിലൻസ് ക്ലിയറൻസ് വാങ്ങുന്നുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളുടെ മേധാവികളെ സംബന്ധിച്ച് ആരോപണങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ അതിൻമേൽ ആവശ്യമായ അന്വേഷണ നടപടികൾ സർക്കാർ സ്വീകരിക്കുന്നുണ്ട്.

ഗ്രീൻ ടൈബ്യൂണലിന്റെ ഇടപെടലുകൾ

8(*187) ശ്രീ. പി. ബി. അബ്ദുൾ റസാക് :
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :
ശ്രീ. കെ. എം. ഷാജി :
ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മണൽ, മണ്ണ്, പാറ എന്നീ നിർമ്മാണ വസ്തുക്കൾ ശേഖരിക്കുന്നതിന് നിയന്ത്രണമേർപ്പെടുത്തിക്കൊണ്ടുള്ള ഗ്രീൻ ടൈബ്യൂണലിന്റെ ഇടപെടലുകൾ സംസ്ഥാനത്തെ നിർമ്മാണ മേഖലയിലുണ്ടാക്കുന്ന പ്രശ്നങ്ങളെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ ;

(ബി) നിർമ്മാണമേഖല സ്തംഭിക്കാതിരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ; പകരം ഉപയോഗിക്കാവുന്ന നിർമ്മാണ വസ്തുക്കളുടെ കാര്യത്തിലെ നയം വ്യക്തമാക്കാമോ ?

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) :

(എ) മണൽ, മണ്ണ്, പാറ എന്നീ ചെറുകിട ധാതുക്കളുടെ ഖനനത്തിന് നാഷണൽ ഗ്രീൻ ടൈബ്യൂണലിന്റെ ഇടപെടലുകൾ സംസ്ഥാനത്തെ നിർമ്മാണ മേഖലയെ ബാധിക്കുന്നുണ്ട്. പാറഖനനത്തിന് നിലവിലുള്ള ക്വാറിയിംഗ് ലീസ് സമ്പാദിച്ചവർക്കും പാരിസ്ഥിതികാനുമതി നിർബന്ധമാക്കി ടൈബ്യൂണൽ ഉത്തരവായിട്ടുണ്ട്. ഗാർഹികാവശ്യത്തിന് മണ്ണ് ഖനനം ചെയ്യുന്നതിന് പാരിസ്ഥിതികാനുമതി ഒഴിവാക്കിക്കൊണ്ടുള്ള പരിസ്ഥിതി വകുപ്പിന്റെ ഉത്തരവിനെ ഗ്രീൻ ടൈബ്യൂണലിന്റെ തെക്കൻ മേഖല ബെഞ്ച് സ്റ്റേ ചെയ്തിരിക്കുകയാണ്. കൂടാതെ പുഴമണൽ ഖനനത്തിന് മണൽ ഓഡിറ്റിംഗ് നടത്തുന്നതിന് സർക്കാർ നൽകിയ സാവകാശവും ടൈബ്യൂണലിന്റെ തെക്കൻ മേഖല ബഞ്ച് റദ്ദ് ചെയ്തിരിക്കുകയാണ്. മെറ്റൽ, പാറ, മണൽ എന്നിവയുടെ ദൗർലഭ്യം തത്കാലം അനുഭവിക്കുന്നില്ലെങ്കിലും ടൈബ്യൂണലിന്റെ നിയന്ത്രണങ്ങൾ നിർമ്മാണ മേഖലയിലെ സാമഗ്രികളുടെ ലഭ്യതയെ സമീപ ഭാവിയിൽ ബാധിച്ചുതുടങ്ങും.

LIBRARY ARCHIVES Kerala Legislative Assembly